# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4867 04.07.2012 ൽ മറുപടിയ്ക്ക്**

## നദീസംയോജനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ<br>ശ്രീ. എം.ഉമ്മർ<br>ശ്രീ. എൻ.ഷംസുദ്ദീൻ<br>ശ്രീ. പി.കെ.ബഷീർ | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) നദീസംയോജന കാര്യത്തിൽ സുപ്രീംകോടതിയുടെ വിധി സംസ്ഥാനത്തെ നദീജലം തിരിച്ചു വിടുന്നതു സംബന്ധമായ കാര്യങ്ങളിൽ ജനങ്ങൾക്കിടയിൽ ആശങ്കയുണ്ടാകാൻ ഇടയാക്കിയിട്ടുണ്ടെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; | (എ), (ബി) & (സി).<br>ഉണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന താൽപ്പര്യം സംരക്ഷിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. |
| (ബി) എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാനത്തിന് സ്വീകരിക്കാവുന്ന പരിഹാര നടപടികളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; | |
| (സി) ഉണ്ടെങ്കിൽ വിശദമാക്കാമോ; | |
| (ഡി) നദീസംയോജനം സംസ്ഥാന താല്പര്യത്തിന് ഹിതകരമാവുമെന്ന് കരുതുന്നുണ്ടോ ; | (ഡി) ഇല്ല. |
| (ഇ) സംസ്ഥാനത്ത് മിച്ചജലമില്ലെന്ന് കേന്ദ്ര സർക്കാരിനേയും ജലക്കമ്മീഷനേയും ബോദ്ധ്യപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ? | (ഇ) സംസ്ഥാനത്ത് മിച്ച ജലമില്ലെന്നകാര്യം കേരള ദേശീയ ജല വികസന ഏജൻസിയിലും നദീസംയോജനവുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ ഉണ്ടായിരുന്ന കേസിലും കേരളം ശക്തമായി ഉന്നയിച്ചിട്ടുണ്ട് കൂടാതെ സംസ്ഥാനത്തുള്ള നദികളിൽ മിച്ച ജലമില്ലെന്നും, ആയതിനാൽ പമ്പ, |

അച്ചൻകോവിൽ നദികളിൽ നിന്ന് തമിഴ്നാട്ടിലേക്ക് വെള്ളം തിരിച്ചുകൊണ്ടുപോകുവാനുള്ള പദ്ധതി ഉപേക്ഷിക്കണമെന്ന് 11-ാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ പ്രമേയം പാസാക്കുകയും ചെയ്തിട്ടുണ്ട്. വേമ്പനാട് കായലിൽ പതിക്കുന്ന നദികളുടെ ജല ലഭ്യതയെക്കുറിച്ച് സമഗ്രമായി പഠിച്ച CWRDM (കോഴിക്കോട്) ന്റെ റിപ്പോർട്ടിൽ പമ്പ, അച്ചൻകോവിൽ നദികളിൽ അധിക ജലമില്ല എന്നുമാത്രമല്ല, 2051-ാടെ ഈ നദികളിൽ രൂക്ഷമായ ജലദൗർലഭ്യം നേരിടും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സുപ്രീംകോടതിയിൽ കേരളം സമർപ്പിച്ച എതിർ സത്യവാങ്മൂലത്തിനൊടൊപ്പം ഫയൽ ചെയ്തിട്ടുണ്ട്. ഇതു കൂടാതെ സുപ്രീം കോടതിയിലുണ്ടായിരുന്ന നദീസംയോജനവുമായി ബന്ധപ്പെട്ട കേസുമായി ബന്ധപ്പെട്ട് കേരളത്തിലെ പമ്പ, അച്ചൻകോവിൽ, മണിമല, മീനച്ചൽ, മൂവാറ്റുപുഴ എന്നീ നദികൾ ചെന്നുചേരുന്ന വേമ്പനാട് വെറ്റ് ലാന്റിന്റെ സമഗ്രമായ "Water Balance Study" നടത്തുവാൻ കേരള സർക്കാർ ഈ വിഷയത്തിൽ വൈദഗ്ദ്ധ്യം തെളിയിച്ചിട്ടുള്ള IIT ഡൽഹിയെ നിയോഗിച്ചിട്ടുണ്ട്. അവരുടെ കരട് റിപ്പോർട്ട് കേരളത്തിൽ മിച്ച ജലം ഇല്ല എന്നകാര്യം സൂചിപ്പിക്കുന്നു.

(signature)

സെക്ഷൻ ഓഫീസർ